

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പനമരം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-ഇ3- 769/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 05/10/2024
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനമരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2)ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണവകുപ്പ്, വയനാട്
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-ഇ3- 769/2024 തീയ്യതി: 05/10/2024

വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ഒ കെ അഗസ്റ്റ്യൻ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	24-07-2024	31-07-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
24-07-2024	31-07-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ കെ എം നവാസ്, ഓഡിറ്റ് ഓഫീസർ
ശ്രീ പി ഷാജി , അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി റ്റിജി വർഗ്ഗീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അനിൽ ജോസ് ഡൊമനിക് , ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഗിരിജ കൃഷ്ണൻ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി ഷീബ കെ	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ പി പി ബിജു	പട്ടിക ജാതി വികസന ഓഫീസർ	01-04-2023	31-03-2024
ശ്രീ പ്രശാന്ത് എൻ എസ്	അസി. എക്സിക്യുട്ടീവ് എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീ വിനോയ് എ ടി	കൃഷി അസി. ഡയറക്ടർ	01-04-2023	31-03-2024
ശ്രീ നൗഷാദ് സി	വ്യവസായ വികസന ഓഫീസർ	01-04-2023	31-03-2024
ശ്രീ അഭിലാഷ് പി	ക്ഷീര വികസന ഓഫീസർ	01-04-2023	31-03-2024
ഡോ. സുനിൽ കെ എസ്	സീനിയർ വെറ്റിനറി സർജൻ	01-04-2023	31-03-2024
ശ്രീ. ജോർജ് കെ. ഇ.	അസി.എഞ്ചിനീയർ	01-04-2023	18-07-2023
ശ്രീ ഷിനോജ് ടി വി	അസി.എഞ്ചിനീയർ	19-07-2023	31-03-2024
ശ്രീമതി ഷൈജ പി	ശിശു വികസന പദ്ധതി ഓഫീസർ	01-04-2023	11-08-2023
ശ്രീമതി അനിത പി	ശിശു വികസന പദ്ധതി ഓഫീസർ	12-08-2023	31-03-2024
ഡോ.പ്രഭാകരൻ കെ	മെഡിക്കൽ ഓഫീസർ , സി എച്ച് സി,പുൽപള്ളി	01-04-2023	31-03-2024
ഡോ.ഷീജ വി ആർ	മെഡിക്കൽ ഓഫീസർ , സി എച്ച് സി പനമരം	01-04-2023	02-06-2023
ഡോ. വൽസല പി പി	മെഡിക്കൽ ഓഫീസർ , സി എച്ച് സി പനമരം	03-06-2023	30-10-2023
ഡോ.രജ്ഞിത്ത് പി	മെഡിക്കൽ ഓഫീസർ , സി എച്ച് സി പനമരം	31-10-2023	29-02-2024
ഡോ. വൽസല പി പി	മെഡിക്കൽ ഓഫീസർ , സി എച്ച് സി പനമരം	01-03-2024	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-2
3	ആസ്തികളുടെ വിവരങ്ങൾ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല-	1-1-3
4	ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-4
5	ട്രഷറി റിഡംഷൻ ഇനത്തിൽ ആസ്തിയാക്കേണ്ട തുക ബാധ്യതയായി ഉൾപ്പെടുത്തി-	1-1-5
6	ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.	1-1-6
7	അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത ഉറപ്പ് വരുത്താവുന്ന രീതിയിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല.	1-1-7
8	ലെഡ്ജറുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.	1-1-8
9	ചെലവായ തുകകളെ കാലഹരണപ്പെട്ട ചെക്കുകൾ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി -സ്ഥാപനത്തിന്റെ ബാധ്യത കൂടുതലായി പ്രതിഫലിച്ചു.	1-1-9
10	പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 മായി പൊരുത്തപ്പെടുന്നില്ല-	1-1-10
11	പ്രത്യേകാവശ്യ ഫണ്ടുകൾ സൂക്ഷിച്ചിരിക്കുന്ന അക്കൗണ്ടുകളുടെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല	1-1-11
12	കാലഹരണപ്പെട്ട നിക്ഷേപ തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല	1-1-12
13	ഇ - ടെണ്ടർ ഫീ തുക ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല	1-1-13
14	ബാധ്യതാ തുകയുടെ വിശദ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.	1-1-14
15	വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുകകൾക്ക് ചെലവ് രേഖപ്പെടുത്തിയിട്ടില്ല - ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിമൂല്യത്തിൽ വർദ്ധന കാണിക്കുന്നു	1-1-15
16	യൂസർ ഫീസായി പിരിച്ചെടുത്ത തുക വാർഷിക കണക്കിൽ ഉൾക്കൊള്ളിച്ചിട്ടില്ല	1-1-16
17	ലെഡ്ജറുകളുടെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല	1-1-17
18	ട്രഷറി അക്കൗണ്ട് വിവരം വാർഷിക കണക്കിൽ ഉൾക്കൊള്ളിച്ചിട്ടില്ല	1-1-18
19	നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് സ്ഥാപനത്തിന്റെ അക്കൗണ്ടിൽ പ്രതിഫലിച്ചിട്ടില്ല.	1-1-19
20	തൊഴിലുറപ്പു പദ്ധതി വിഭാഗത്തിനു നൽകിയ തുകയുടെ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല-	1-1-20
21	ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല.	1-1-21
22	ബജറ്റ്	1-2
23	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
24	ഫണ്ട് വിനിയോഗം	1-4
25	പദ്ധതി അവലോകനം	1-5

26	തൊഴിലുറപ്പു പദ്ധതി	1-6
27	ക്യാഷ് ബാലൻസ് പരിശോധന	1-7
28	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-8
29	ആഭ്യന്തര നിയന്ത്രണം	1-9
30	ബാലസൗഹൃദ അംഗനവാടി പ്രവൃത്തികളുടെ - മൂല്യനിർണ്ണയം നടത്തിയിട്ടില്ല. അങ്കണവാടിപ്രവൃത്തികളുടെ- മൂല്യനിർണ്ണയം നടത്തിയിട്ടില്ല	1-10
31	കരാർ ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല	1-11
32	അർഹമായ പിഴ ബില്ലിൽ നിന്നും കുറവ് ചെയ്തില്ല.	1-12
33	പട്ടികവർഗ്ഗ വനിതകൾക്ക് നൈപുണ്യവികസനം-പരിശീലനത്തിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല	1-13
34	ഭിന്നശേഷി കലോൽസവം-ചെലവ് അപാകതകൾ	1-14
35	ഫിസിയോതെറാപ്പി ഉപകരണം വാങ്ങൽ അപാകങ്ങൾ	1-15
36	തൊഴിലുറപ്പ് പദ്ധതി വിഭാഗം ജീവനക്കാരുടെ ഭരണ ചെലവുകൾ-തനത് ഫണ്ടിലേക്ക് തുക അടക്കാൻ ബാക്കി നിൽക്കുന്നു.	1-16
37	പ്രോജക്ട് ആരംഭിച്ച് രണ്ട് വർഷത്തിലേറയായിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.	1-17
38	2023-24 സാമ്പത്തിക വർഷം പ്രൊജക്ട് വെച്ച് നിർമാണം അരംഭിച്ച ഒരു പഠനമുറി പോലും പൂർത്തീകരിച്ചിട്ടില്ല.	1-18
39	ബ്ലോക്ക് പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിലേക്ക് വാങ്ങിയ ജംഗമ വസ്തുക്കളുടെ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-19
40	വിനിയോഗ സാക്ഷ്യപത്രങ്ങൾ-ഹാജരാക്കിയില്ല	1-20
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	Abstract Of Annual Financial Statements	

ഭാഗം -1
പൊതു അവലോകനം

1-1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പനമരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി (01/01 തീ. 11.06.2024) 13/06/2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പനമരം ബ്ലോക്ക്പഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

B. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

സ്ഥലം: കൽപ്പറ്റ
തീയതി: 05.10.2024

1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കണ്ട്സ്) ചട്ടങ്ങളിലെ ചട്ടം **62** പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും ധനകാര്യ പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ **11.06.2024** ലെ **01/01** നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് **13.06.2024** -ന് ഓഡിറ്റിന് സമർപ്പിച്ച **2023-24** വർഷത്തെ

വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിംഗ് കുറിപ്പുകൾ മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

1-1-3 ആസ്തികളുടെ വിവരങ്ങൾ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല-

B11 ഷെഡ്യൂൾ പ്രകാരം സ്ഥിരാസ്ഥികൾ എന്ന ശീർഷകത്തിൽ 14,39,35,578/- രൂപയുടെ ആസ്തി കാണിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.ജി.ഒ.(എം.എസ്)152/11/എൽ.എസ്.ജി.ഡി. തിയ്യതി **26/07/2011** പ്രകാരമുള്ള ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. **2011** ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം **58** പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. സ്ഥിര ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ **(Land)** അക്കൗണ്ടിങ്ങ് **31.03.2024** വരെ ആരംഭിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ ബ്ലോക്ക്പഞ്ചായത്തിന്റെ ആസ്തികളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ആസ്തികളുടെ കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-**11** ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും ബി-**3** ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. കൂടാതെ ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ Building – Bus Stands എന്ന ഹെഡ്ഡിൽ 1,19,330/- രൂപയും Building – Burial Grounds എന്ന ഹെഡ്ഡിൽ 1,82,281/- രൂപയും Roads - Metal എന്ന ഹെഡ്ഡിൽ 1,41,40,456/- രൂപയും Roads - Gravel എന്ന ഹെഡ്ഡിൽ 10,63,743/- രൂപയും ആസ്തിയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്നതല്ല.

അപാകത ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് എൻകെയറിയ്ക്ക് (**ഓഡിറ്റ് എൻകെയറി നം. 04/2023-24, തീയതി - 26/07/2024**)മറുപടിയായി ആസ്തി രജിസ്റ്റർ കാലികമാക്കി ഓഡിറ്റിന് ഉടനെ സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-1-4 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഫണ്ടിന്റെ അപര്യാപ്തത മൂലം വർഷാവസാനം പെയ്മെന്റ് നടത്താനാവാത്ത ₹**48,82,783**/- രൂപയുടെ ബില്ലുകൾ ഉണ്ട്. പൂർത്തിയാക്കിയ പ്രോജക്ടുകളുടെ തുക ബാധ്യതയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 ട്രഷറി റിഡംഷൻ ഇനത്തിൽ ആസ്തിയാക്കേണ്ട തുക ബാധ്യതയായി ഉൾപ്പെടുത്തി-

ബാലൻസ് ഷീറ്റ് **B4** ഷെഡ്യൂളിൽ അക്കൗണ്ട് കോഡ് **250200301** പ്രകാരം കോവിഡ് റിക്കവറീസ് ഇനത്തിൽ **1,21,417**/- രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്.ഈ തുക **2020-21** സാമ്പത്തിക വർഷം ട്രഷറി അക്കൗണ്ട് കോവിഡ് 8492 അക്കൗണ്ടിൽ നിന്നും സർക്കാരിലേക്ക് റെഡീം ചെയ്തു പോയിട്ടുള്ളതാണ്. **ബാധ്യതാ ഹെഡ്ഡിൽ നിന്നും ട്രഷറി റിഡംഷൻ ഹെഡ്ഡിലേക്ക് മാറ്റി** അക്കൗണ്ട് ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

1-1-6 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും, പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ആകെ ക്യാഷ് ഫ്ലോ	1,64,017.00
മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം	35,12,588.00

1-1-7 അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത ഉറപ്പ്

വരുത്താവുന്ന രീതിയിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല.

ആസ്തി കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-8 ലെഡ്ജറുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മുൻ ബാക്കി നീക്കിബാക്കി എന്നിവ ഉൾക്കൊള്ളിച്ചിട്ടില്ല. അക്കൗണ്ട് ഹെഡ് തിരിച്ച് എഴുതി അബ്സ്ടാക്റ്റ് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. രജിസ്റ്ററുകളിൽ ലെഡ്ജറുകൾ അക്കൗണ്ട് ഹെഡ് തിരിച്ച് എഴുതി അബ്സ്ടാക്റ്റ് സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-1-9 ചെലവായ തുകകളെ കാലഹരണപ്പെട്ട ചെക്കുകൾ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി -സ്ഥാപനത്തിന്റെ ബാധ്യത കൂടുതലായി പ്രതിഫലിച്ചു.

B-9 ഷെഡ്യൂൾ പ്രകാരം ലൈബിലിറ്റി ഇൻ റെസ്പെക്ട് ഓഫ് സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിൽ 4,14,504/- രൂപ ഉണ്ട്. RP-36 പ്രകാരം തൻ വർഷത്തെ സ്റ്റെയിൽ ചെക്ക് ഇനത്തിൽ 3,00,000/-രൂപ കാണിച്ചിട്ടുണ്ട്. ഈ തുക 25.07.2023 തിയ്യതിയിൽ കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നം.4993 ൽ നിന്നും ചെക്ക് നം.30079 മുഖേന പാസായിട്ടുള്ളതാണ്. അക്കൗണ്ട് ഹെഡ്ഡിൽ അവശേഷിക്കുന്ന തുകയിൽ ആധിക ഭാഗവും നൽകി 3 വർഷത്തിലധികമായ ചെക്കുകളാണ്. ഇവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് മറുപടിയായി പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെട്ട തുകകളുടെ ചെക്കുകൾ മാനുവലായി ക്യാൻസൽ ചെയ്തിട്ടുള്ളതാണെന്നും സാംഖ്യ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും മറുപടി നൽകിയിട്ടുണ്ട്. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-1-10 പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 മായി പൊരുത്തപ്പെടുന്നില്ല-

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. ഉദാ: 1) Centrally Sponsored Scheme-TSC ബാധ്യത ₹2,39,324/- ആണ് (ബി 4 ഷെഡ്യൂൾ) എന്നാൽ അതിനായുള്ള അക്കൗണ്ടിലെ നീക്കിയിരിപ്പ് 4,17,656/- (KGB-TSC A/C No. 7686). പല പ്രത്യേകാവശ്യ ഗ്രാന്റുകൾക്കും പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ട് നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ടിൽ പ്രസ്തുത ഗ്രാന്റുകൾ നിക്ഷേപിക്കുന്നതിനാൽ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ കൃത്യതമായ വിവരം ലഭ്യമല്ല. അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 13(4) (ബി) അനുസരിച്ച് ഓരോ ഫണ്ടിനും പ്രത്യേകം ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്.

1-1-11 പ്രത്യേകാവശ്യ ഫണ്ടുകൾ സൂക്ഷിച്ചിരിക്കുന്ന അക്കൗണ്ടുകളുടെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

ബി-4 ഷെഡ്യൂൾ പ്രകാരം ₹2,44,31,045/- പ്രത്യേക ആവശ്യ ഗ്രാന്റുകൾക്കായി നീക്കിവെച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

Account Code	Account	Amount
320100115	Centrally Sponsored Scheme- Total Sanitation Campaign (TSC)	239,324.00
320100199	Centrally Sponsored Schemes- Grants, Funds & Contributions For Specific Purposes - Central Government	123,756.00

320100204	Grants, Funds & Contributions For Specific Purposes - Other Central Government Grants - Local Area D	23,056.00
320200104	Development Fund - Central Finance Commission Grant	14,145,286.00
320200112	Development Fund - CFC Grant UnTied	3,995,870.00
320200302	Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsore	2,255,736.00
320200307	Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsore	789,638.00
320300199	Grants, Funds & Contributions For Specific Purposes - Other Government Agencies	2,659,311.00
320800101	Beneficiary Contributions	77,651.00
350200301	Recoveries Payable - COVID	121,417.00
Total Grants & Contribution For Specific Purposes		24,431,045.00

മുകളിൽ പറഞ്ഞിരിക്കുന്ന പ്രത്യേക ആവശ്യ ഗ്രാന്റുകൾ ഏതൊക്കെ അക്കൗണ്ടുകളിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻകവയറിയ്ക്ക് (**ഓഡിറ്റ് എൻകവയറി നം. 04/2023-24, തീയതി - 26/07/2024**)മറുപടി ലഭ്യമാക്കിയില്ല.

1-1-12 കാലഹരണപ്പെട്ട നിക്ഷേപ തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

B-7 ഷെഡ്യൂൾ പ്രകാരം ₹19,62,435/- ബാധ്യതയായി കാണിച്ചിട്ടുണ്ട്. മേൽ തുകയിൽ Election Deposit(Candidate)(അക്കൗണ്ട് കോഡ്-340200107) ഇനത്തിൽ ₹112,000.00 ഉൾപ്പെട്ടിട്ടുണ്ട്. ഇത് 2020-21 സാമ്പത്തിക വർഷം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ സ്വീകരിച്ച പണമാണ്. തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ഷെഡ്യൂൾ പ്രകാരം ബാധ്യതയായി കാണിച്ച ₹19,62,435/- ആർക്കൊക്കെ നൽകേണ്ടതാണെന്ന വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-1-13 ഇ - ടെണ്ടർ ഫീ തുക ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട പൊതുമരാമത്ത് പ്രവർത്തികളുടെ ഇ - ടെണ്ടർ ഫീ തുക നിലവിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. പ്രസ്തുത തുക വാർഷിക കണക്കിൽ ലഭിക്കാനുള്ള തുകയായി ഉൾപ്പെടുത്തിയിട്ടില്ല. നാളിതുവരെയുള്ള ഇ - ടെണ്ടർ ഫീ തുക ഡിമാന്റ് ചെയ്ത് ഈടാക്കി തനത് ഫണ്ട് അക്കൗണ്ടിൽ മുതൽ കൂട്ടി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-1-14 ബാധ്യതാ തുകയുടെ വിശദ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9 പ്രകാരം ₹44,74,729/- ബാധ്യതയായി കാണിച്ചിട്ടുണ്ട്. ഇതിൽ Other Liabilities ഇനത്തിൽ(അക്കൗണ്ട് കോഡ് 350800299) ₹2,688,901/- വർഷങ്ങളായി ക്യാരി ഫോർവേഡ്

ചെയ്യുവരുന്ന തുകയാണ്. ബാധ്യതാ തുകയുടെ വിശദ വിവരം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. B-9ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിട്ടുള്ള ₹4,474,729/- രൂപയുടെ വിവരങ്ങൾ പരിശോധിച്ച് സർക്കാരിലേക്ക് അടവാക്കാനായി കാണിച്ചിരിക്കുന്ന തുക അടവാക്കി അറിയിക്കേണ്ടതും ബാക്കി തുകയുടെ വിശദ വിവരം ഹാജരാക്കേണ്ടതുമാണ്.

1-1-15 വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുകകൾക്ക് ചെലവ് രേഖപ്പെടുത്തിയിട്ടില്ല - ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിമൂല്യത്തിൽ വർദ്ധന കാണിക്കുന്നു

ബി-18 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിവിധ സ്ഥാപനങ്ങൾക്ക്/ വ്യക്തികൾക്ക് അഡ്വാൻസായി ₹9,043,542/- നൽകിയിട്ടുണ്ട് . വിശദ വിവരം ചുവടെ കൊടുക്കുന്നു.

Account Code	Account	Amount
460100103	Temporary Advance For Official Purposes	536,222.00
460100199	Other Advances	2,212,192.00
460400101	Advance To Suppliers- Advance Paid	26,877.00
460500202	Advance To Implementing Agencies - Deposit With Kerala Electricity Board	242,187.00
460500204	Advance To Implementing Agencies - Deposit With Ground Water Department	895,396.00
460500205	Advance To Implementing Agencies - Deposit With Public Works Department	500,000.00
460500501	Advance To Implementing Officers	4,430,668.00
460509901	Advance To Others	200,000.00
Total Loans,Advances And Deposits		9,043,542.00

മേൽ തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുകകളും ഉൾപ്പെടുന്നുണ്ട്. Temporary Advance For Official Purposes എന്ന ഹെഡ്ഡിൽ കിട്ടാനുള്ളതായി കാണിച്ചിരിക്കുന്ന 536,222.00 രൂപയിൽ 100,000/- രൂപ തൻവർഷം കേരളോത്സവം നടത്തിപ്പിന് അഡ്വാൻസ് നൽകിയ തുകയാണ്. പ്രസ്തുത തുക ചെലവഴിച്ച് ബില്ലുകൾ ഹാജരാക്കിയതാണെങ്കിലും കിട്ടാനുള്ള തുകയായിട്ടാണ് കാണിച്ചിരിക്കുന്നത്. Advance To Suppliers- Advance Paid എന്ന ഹെഡ്ഡിൽ കിട്ടാനുള്ളതായി കാണിച്ചിരിക്കുന്ന 26,877.00 രൂപ പഞ്ചിംഗ് മെഷീൻ വാങ്ങുന്നതിനായി അഡ്വാൻസ് നൽകിയ തുകയാണ്.ബ്ലോക്ക് പഞ്ചായത്തിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിച്ച് ആയതിന്റെ ചെലവ് തുക മുഴുവൻ വിതരണക്കാരന് നൽകിയിട്ടുള്ളതുമാണ്. ചെലവ് തുകയിൽ നിന്നും അഡ്വാൻസ് തുക കുറവ് വരുത്താത്തതിനാലാണ് മേൽ തുക ആസ്തിയായി കാണിക്കുന്നത്. കാലാകാലങ്ങളിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തേണ്ട എൻട്രികൾ രേഖപ്പെടുത്താത്തതു മൂലമാണ് ഇത്ര വലിയ തുക സ്ഥാപനത്തിന്റെ ആസ്തിയായി കാണപ്പെടുന്നത്. അക്കൗണ്ട് ഹെഡ് വിശദമായി പരിശോധിച്ച് ബാലൻസായി കാണിച്ചിരിക്കുന്ന ₹9,043,542.00 യുടെ വിശദാംശങ്ങൾ അക്കൗണ്ട് തിരിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (ഓഡിറ്റ് എൻകയറി നം. 0 4/2023-24, തീയതി - 26/07/2024)മറുപടി ലഭ്യമാക്കിയില്ല.

1-1-16 യൂസർ ഫീസായി പിരിച്ചെടുത്ത തുക വാർഷിക കണക്കിൽ ഉൾക്കൊള്ളിച്ചിട്ടില്ല

ട്രഷറി അക്കൗണ്ട് നം.1097 ൽ യൂസർ ഫീസായി വെറ്റിനറി സർജ്ജൻ 2023-24 വർഷം ₹1,02,200/- അടവാക്കിയിട്ടുണ്ട്. ഈ തുക വാർഷിക കണക്കിൽ വരവായി കാണിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് മറുപടിയായി തുക യൂസർ ഫീസ് എന്ന ഹെഡ്ഡിൽ വരവായി രേഖപ്പെടുത്തേണ്ടതിന് പകരം ബെനഫിഷറി കോൺട്രിബ്യൂഷൻ എന്ന ഹെഡ്ഡിലാണ് ഉൽപ്പെടുത്തിയത് എന്നാണ് സെക്രട്ടറി അറിയിച്ചത്. എന്നാൽ ബെനഫിഷറി കോൺട്രിബ്യൂഷൻ എന്ന പേരിൽ എന്ന ഹെഡ്ഡിൽ ₹33,872/- മാത്രമേ വരവായി കാണിച്ചിട്ടുള്ളൂ.വിശദീകരണം നൽകേണ്ടതാണ്.

1-1-17 ലെഡ്ജറുകളുടെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല

RP-7 പ്രകാരം Beneficiary Contribution (160300206) ₹33,872.00യും RP-31 പ്രകാരം (320800101) Beneficiary Contribution ₹50,100.00 യും RP-30 പ്രകാരം (312100102) Beneficiary Contribution (Utilised) ₹31200.00 യും വരവുണ്ട്. തുക ഏതൊക്കെയിനത്തിൽ വരവ് വന്നതാണെന്ന വിവരം ഹാജരാക്കേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് (നം. 4/2023-24 തീയതി 26.07.2024) മറുപടി ലഭ്യമാക്കിയില്ല.

1-1-18 ട്രഷറി അക്കൗണ്ട് വിവരം വാർഷിക കണക്കിൽ ഉൾക്കൊള്ളിച്ചിട്ടില്ല

ട്രഷറി അക്കൗണ്ട് നം.1097 GPG അക്കൗണ്ടിന്റെ നീക്കിയിരിപ്പ് വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-19 നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് സ്ഥാപനത്തിന്റെ അക്കൗണ്ടിൽ പ്രതിഫലിച്ചിട്ടില്ല.

31.03.2024 തിയ്യതിയിൽ അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിൽ (SBI അഞ്ചുകുന്ന് A/C No.33289264981) ₹5480/- അവശേഷിക്കുന്നു.തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-20 തൊഴിലുറപ്പു പദ്ധതി വിഭാഗത്തിനു നൽകിയ തുകയുടെ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല-

MGNREGS വിഭാഗത്തിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് 21,97,332/- രൂപ ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകാനുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ MGNREGS വിഭാഗത്തിന് നൽകിയ തുകയുടെ രേഖകൾ സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കിൽ ഈ കണക്ക് പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടില്ല. (Other Advances (460100199) 2,212,192.00 എന്ന ഹെഡ്ഡിൽ പല തരത്തിലുള്ള അഡ്വാൻസുകളുടെ കൂടെ അക്കൗണ്ട് ചെയ്തിട്ടുള്ളതിനാൽ ബ്ലോക്ക് പഞ്ചായത്ത് തൊഴിലുറപ്പു പദ്ധതി വിഭാഗത്തിനു നൽകിയ തുകയുടെ വിവരങ്ങൾ ലഭ്യമല്ല. ബ്ലോക്ക് പഞ്ചായത്ത് MGNREGS വിഭാഗത്തിന് നാളിതുവരെ നൽകിയ തുകയുടെ വിവരങ്ങളും തിരികെ ലഭിച്ച തുകയുടെ വിവരങ്ങളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-1-21 ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല.

സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഗ്രാന്റായി നൽകിയ തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല. വാർഷിക ധനകാര്യപത്രികയിലെ Trial Balance പത്രിക പ്രകാരം ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും തത്തുല്യമായ തുക ബാലൻസ് ഷീറ്റിലെ B3 യിലെ Capital Contribution എന്ന ശീർഷകത്തിൽ പ്രതിഫലിച്ചിട്ടില്ല. Trial Balance ൽ 312100101 എന്ന ഹെഡിൽ മുൻബാക്കിയായി രേഖപ്പെടുത്തിയ തുക തന്നെയാണ് നീക്കിബാക്കിയായി രേഖപ്പെടുത്തിയിട്ടുള്ളത്.

1-2 ബജറ്റ്

പനമരം ബ്ലോക്ക്പഞ്ചായത്തിന്റെ 2023 – 24 വർഷത്തെ ബഡ്ജറ്റ് 17-03-2023 ലെ 02/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബഡ്ജറ്റ് 09.02.2024 ലെ 1/1 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബഡ്ജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ ചുവടെ കൊടുക്കുന്നു.

ഇനം	ബജറ്റ് പ്രകാരം തുക
മുന്നിരിപ്പ്	5,50,306.00
വരവ്	28,32,34,100.00
ആകെ വരവ്	28,37,84,406.00
ചെലവ്	28,29,64,100.00

നീക്കിബാക്കി	8,20,306.00

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	₹ 2,52,31,760.00
വരവ്	₹ 10,63,11,063.00
ആകെ	₹ 13,15,42,823.00
ചെലവ്	₹ 10,98,23,651.00
നീക്കിയിരിപ്പ്	₹ 2,17,19,172.00

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	വരവ്	ആകെ	ചെലവ്	ലാപ്സായ തുക
വികസന ഫണ്ട് -ജനറൽ	0	4,32,15,000	4,32,15,000	3,66,29,393	65,85,607
വികസന ഫണ്ട്-എസ്.സി.പി	0	34,13,400	34,13,400	24,08,591	10,04,809
വികസന ഫണ്ട്-ടി.എസ്.പി	0	3,37,37,000	33,7,37.000	2,24,28,736	1,13,08,264
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)	0	53,67,000	53,67,000	46,042,79	7,62,721

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളു ശതമാനം
164	24,28,59,613.00	100	9,72,38,679.00	-	64	61

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
സെക്രട്ടറി	38	28	13,83,29,983	4,87,08,612	35.21
അസി.എക്സിക്യൂട്ടീവ് എഞ്ചീനീയർ	2	1	31,94,109	3,38,307	10.59
അസിസ്റ്റന്റ് എഞ്ചീനീയർ	90	41	6,11,33,940	1,82,97,104	30
വ്യവസായ വികസന ഓഫീസർ	2	1	23,00,000	4,57,500	19.89
മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	16	15	1,37,02,921	1,00,79,326	73.55
ശിശുവികസന പദ്ധതി ഓഫീസർ	4	4	66,38,000	59,87,400	90.20
അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)	5	4	76,59,375	59,01,461	77.05

ക്ഷീര വികസന ഓഫീസർ / വെറ്ററിനറി സർജൻ	4	4	67,26,285	64,12,378	95.33
പട്ടികജാതി വികസന ഓഫീസർ	3	2	31,75,000	10,56,591	33.28
ആകെ	164	100	24,28,59,613	9,72,38,679	40.04

1-6 തൊഴിലുറപ്പു പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിബാക്കി
ഭരണചെലവുകൾ	3,383.00	20,70,355.00	20,73,738.00	20,73,738.00	0

[MGNREGS വിഭാഗത്തിൽ നിന്നും ലഭിച്ച കണക്കുകളാണ് മുകളിൽ ചേർത്തിട്ടുള്ളത്]

1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.07.2024 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പ് ഇല്ല.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമൻസ് ഓഡിറ്റ്	14/09/2012	26/07/2011 - 31/03/2012	11/12/2012
അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ്	30/04/2013	2008-09 – 2012 -13	10/06/2013

1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ചു കൊണ്ടുള്ള ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്.രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ കൂടുതൽ കാര്യക്ഷമത പുലർത്തേണ്ടതാണ്. എല്ലാ മാസവും സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. യോഗങ്ങളിൽ വി.ഇ.ഒ മാർ നിർവ്വഹണം നടത്തുന്ന ഭവന പദ്ധതികളുടെയും തൊഴിലുറപ്പു പദ്ധതികളുടെയും പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

ഒരു സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ യഥാർത്ഥ ചിത്രം വാർഷിക കണക്കിലൂടെയാണ് വ്യക്തമാകേണ്ടത്. എന്നാൽ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ സ്ഥാപനത്തിന്റെ ആസ്തി ബാധ്യതകൾ യഥാർത്ഥ കണക്കിനേക്കാൾ വളരെയധികം അധികരിച്ചാണ് കാണിച്ചിരിക്കുന്നത്. അഡ്വാൻസ് നൽകിയ പല പ്രവൃത്തികളും പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടുള്ളതാണെങ്കിലും യഥാസമയങ്ങളിൽ വാർഷിക കണക്കിൽ എൻട്രി വരുത്താത്തതിനാൽ സ്ഥാപനത്തിന്റെ ആസ്തി മൂല്യത്തിൽ വർദ്ധന കാണിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പൂർണ്ണമല്ല. പൂർണ്ണമാക്കേണ്ടതാണ്. തൊഴിലുറപ്പ് വിഭാഗത്തിന് നാളിതുവരെ നൽകിയ തുകയുടെ വിവരങ്ങൾ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. സ്ഥാപനത്തിന്റെ അക്കൗണ്ട് കൈകാര്യം ചെയ്തു വരുന്ന ഉദ്യോഗസ്ഥർ കാലികമായി എൻട്രികൾ വരുത്താത്തത് മൂലം വാർഷിക കണക്കിൽ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ആസ്തി ബാധ്യതകൾ അധികരിച്ചാണ് കാണിക്കുന്നത്. ഈ വി,യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-10 ബാലസൗഹൃദ അംഗനവാടി പ്രവൃത്തികളുടെ - മൂല്യനിർണ്ണയം നടത്തിയിട്ടില്ല. അങ്കണവാടിപ്രവൃത്തികളുടെ- മൂല്യനിർണ്ണയം

നടത്തിയിട്ടില്ല

നിർവ്വഹണം – ചെൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ

പ്രൊജക്ട് നം.	പ്രവർത്തിയുടെ പേര്.	ചെലവ് തുക/ ബിൽ നം.	പ്രവർത്തി ചെയ്ത സ്ഥാപനം
സ്പിൽഓവർ 120/24	കുരുന്ന് വീട് ബാലസൗഹൃദ അങ്കണവാടി അടങ്കൽ-20,00,000 വികസന ഫണ്ട്(ജനറൽ)	1) 516898/23.8.23-767680രൂപ 2) 516907/23.8.23-6,32,320രൂപ ആകെ-ചെലവ് 14,00,000 രൂപ (2023-24) 3) 302693/21.6.24-6,00,000രൂപ ആകെ-ചെലവ് 6,00,000 രൂപ (2024-25)	ആർട്ടോ(ARTCO) പാലക്കാട്
29/24	കുരുന്ന് വീട് ബാലസൗഹൃദ അങ്കണവാടി അടങ്കൽ-14,00,000 വികസന ഫണ്ട്(ജനറൽ)	1) 421169/21.3.24-3,77,441രൂപ 2) 421183/21.3.24-3,52,687രൂപ 3) 1470291/24.3.24-3,63,752രൂപ 4) 1470304/24.3.24-3,06,120രൂപ ആകെ-ചെലവ് 14,00,000 രൂപ	ആർട്ടോ(ARTCO) പാലക്കാട്

ബ്ലോക്ക് പഞ്ചാത്ത് പരിധിയിലെ വിവിധ ഗ്രാമ പഞ്ചായത്തുകളുടെ കീഴിൽ വരുന്ന തെരഞ്ഞെടുക്കപ്പെട്ട അംഗനവാടികളിൽ ചുമർ ചിത്രങ്ങൾ, പെയിന്റിംഗ്, ഫർണിച്ചറുകൾ, ഫ്ലോർമാറ്റ് , കളിയുപകരണങ്ങൾ എന്നിവ അടങ്ങിയ പ്രവൃത്തി ചെയ്യുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയത്. ഓരോ അംഗനവാടികൾക്കും കരാർ ഏറ്റെടുത്ത ആർട്ടോ (ARTCO) എന്ന സ്ഥാപനം ഓരോ അംഗനവാടിക്കും ഒരു ലക്ഷത്തിൽ താഴെ വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പിലാക്കി. താഴെ പറയുന്ന 35 അംഗനവാടികളിൽ ആണ് പ്രവൃത്തി നടപ്പിലാക്കിയത്.

ഗ്രാമ പഞ്ചായത്ത്	അംഗനവാടികൾ
പൂതാടി (11 എണ്ണം)	വട്ടവടി, പാടിയമ്പം, വട്ടത്താനി, മരിയനാട് , കൂടൽ കടവ്, നെല്ലിക്കര , പാപ്ലശ്ശേരി,താഴെമുണ്ട , കേളമംഗലം ,

	മാതമംഗലം, വെള്ളിമല
പുൽപ്പള്ളി (5എണ്ണം)	അമരക്കുനി , കുളത്തൂർ, ഏരിയപ്പള്ളി, നരിവയൽ ,മൂഴിമല ,
മുള്ളൻകൊല്ലി (6എണ്ണം)	പെരിക്കല്ലൂർ, ശശിമല, ചേലൂർ, പാതിരി , സുരഭിക്കവല, വെട്ടിക്കവല
കണിയാമ്പറ്റ (4 എണ്ണം)	അരിഞ്ചേർമല, കോലിപ്പറ്റ, പച്ചിലക്കാട് 1, പച്ചിലക്കാട് 2
പനമരം (9 എണ്ണം)	കുണ്ടാല, വിളമ്പുകണ്ടം, ആലുങ്കൽ താഴെ, കുമ്പാരതെരുവ്, പുലമൂല, മതിശ്ശേരിക്കുന്ന്, പാതിരിയമ്പം,ആര്യന്നൂർ, മയിൽക്കുന്ന്,

